ഭരണഭാഷ - മാതൃഭാഷ

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)
(ഹാജർ:എ.റ്റി.ജെയിംസ് ഐ എ എസ്)

നം.എൽ.ആർ.സി4-614/2019 തീയതി: 16.01.2019.

വിഷയം : എറണാകുളം ജില്ല - മുളന്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണം - ആർ.ആർ പാക്കേജ് അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : എറണാകുളം ജില്ലാ കളക്ടറുടെ 29.12.2018 ലെ സി6-56450/13 നമ്പർ കത്ത്.

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി വില്ലേജിൽ മുളന്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 31.07.2013 ലെ സ.ഉ.(എം.എസ്) 1060/13/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യായിട്ടുള്ളതും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആർ ബി ഡി സി കെ മാനേജിംഗ് ഡയറക്ടർ 22-4-2016 ന് അർത്ഥനാപത്രം നൽകിയിട്ടുള്ളതുമാണ്. 2013 ലെ ആർ എഫ് സി റ്റി എൽ.എ.ആർ.ആർ ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 27.10.2018-ൽ അംഗീകരിച്ചിട്ടുള്ളതും ആയത് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. ടി അക്വിസിഷനെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതാണ്.

എൽ.എ.ആർ.ആർ ആക്ട് സെക്ഷൻ43(1) അനുസരിച്ച് 11.11.2015 ലെ ജി.ഒ(പി) 590/15/ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൽ.എ ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. 29.12.2017 ലെ ജി.ഒ(എം.എസ്) 448/17/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പുനരധിവാസ പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കരട് പാക്കേജ് 15.11.2018 ലെ ദേശാഭിമാനി ദിനപത്രത്തിലും കൂടാതെ നിയമത്തിൽ അനുശാസിക്കുന്ന നിർദ്ദിഷ്ട സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തി യിട്ടുള്ളതാണ്. തുടർന്ന് പൊതു വിചാരണ 30.11.2018-ൽ മുളന്തുരുത്തി വില്ലേജാഫീസിൽ വച്ച് നടത്തിയിട്ടുള്ളതാണ്. ടി പാക്കേജ് അർത്ഥനാധി കാരിയായ മാനേജിംഗ് ഡയറക്ടർ കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ളതാണ്.

എൽ.എ ആർ.ആർ ആക്ട് 2013 സെക്ഷൻ 44 അനുസരിച്ച് 11.11.2015 ലെ ജി.ഒ.പി 589/15/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

<u>പാക്കേജിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. വീട് പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ.

| ക്രമ നം. | ബാധിക്കപ്പെട്ട വ്യക്തിയുടെ പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള ആനുകൂല്യങ്ങൾ ജി.ഒ (എം.എസ്) 448/17/ആർ ഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1. | തോപ്പിൽ ജോൺ മകൻ തങ്കച്ചൻ | 1,5,6,10 | 4,60,000/- |

2. വാടകക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ക്രമ നം. | ബാധിക്കപ്പെട്ട വ്യക്തിയുടെ പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള ആനുകൂല്യങ്ങൾ ജി.ഒ (എം.എസ്) 448/17/ആർ ഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1. | ഡൊമനിക് | 11 | 2,00,000/- |

2. തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ക്രമ നം. | ബാധിക്കപ്പെട്ട വ്യക്തിയുടെ പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള ആനുകൂല്യങ്ങൾ ജി.ഒ (എം.എസ്) 448/17/ആർ ഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1. | സുകുമാരൻ, പാമ്പാറയ്ക്കൽ | 12 | 36,000/- |
| 2. | അജി, കോഴിപ്പുത്തേൻ | 12 | 36,000/- |

ആകെ : 7,32,000/-

==================

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചു. വാടകക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് ശ്രീ. ഡൊമിനിക്കിന് മാത്രമേ നിലവിലുള്ള G.O. പ്രകാരം അർഹതയുള്ളൂ. [illegible] 2013 ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ള തായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച പാക്കേജ് മാറ്റങ്ങളോടെ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ അഡ്മിനിസ്ട്രേറ്റർ കൊക്കൊള്ളേണ്ടതും നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

എൽ.എ ആർ.ആർ ആക്റ്റ് 2013 സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസീൽദാർ എന്നിവരുടെ ഓഫീസുകളിലും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്/-
**കമ്മീഷണർ.**

പകർപ്പ് :
1. ജില്ലാ കളക്ടർ,
   എറണാകുളം.
2. അഡ്മിനിസ്ട്രേറ്റർ & ഡെപ്യൂട്ടി കളക്ടർ (എൽ.എ)
   എറണാകുളം.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

T4.